നം.എൻ.ഇ.പി(3)..75318/2013/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം.
തീയതി: 30.12.2013

# സർക്കുലർ

**വിഷയം:- ഐ.ടി@സ്കൂൾ പ്രോജക്ട് - സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും 'സമ്പൂർണ്ണ' നടപ്പിലാക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:
1) 18.08.2011 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ.
2) 13.12. 2011 ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ
3) 03.03.2012- ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ
4) 13.03.2012- ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/53537/2011 നമ്പർ സർക്കുലർ
5) 30.04.2013- ലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ എൻ. ഇ. പി (3)/48432/2012/ഡിപിഐ നമ്പർ സർക്കുലർ

സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങൾക്കും പ്രയോജനപ്രദമായ സമ്പൂർണ്ണ ഓൺലൈൻ സ്കൂൾ മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിന് സൂചന 1 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സൂചന 2 പ്രകാരം 2012-13 അദ്ധ്യയന വർഷത്തെ ക്ലാസ് പ്രമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് തുടങ്ങിയവ 'സമ്പൂർണ്ണ' സോഫ്ട്വെയറിലൂടെ നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു. സൂചന 3, 4 പ്രകാരം ഹൈസ്കൂളുകളിലെ സീനിയർ അധ്യാപകർ, ക്ലാർക്ക്, എസ്.ഐ.റ്റി.സി/ജോയിന്റ് എസ്.ഐ.റ്റി.സി എന്നിവർക്ക് പരിശീലനം നൽകുന്നതിന് നിർദ്ദേശിക്കുകയും ജില്ലകളിൽ പ്രസ്തുത പരിശീലനം നടത്തുകയും ചെയ്തു. സംസ്ഥാനത്തെ പ്രൈമറി മുതൽ ഹയർസെക്കന്ററിവരെയുള്ള എല്ലാ വിദ്യാലയങ്ങളിലും 'സമ്പൂർണ്ണ' നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. പ്രൈമറി ക്ലാസുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി അധ്യാപകർക്ക് പരിശീലനം നൽകുന്നതിനും സൂചന 5 പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ നിർദ്ദേശിച്ചിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട് വിവിധ തലങ്ങളിൽ വിവിധ ഏജൻസികൾ സ്കൂളുകളിൽ നിന്ന് വിവരശേഖരണം നടത്തുന്നുണ്ട്. ഒരേ വിവരം തന്നെ പലപ്രാവശ്യം നൽകേണ്ട അവസ്ഥ സ്കൂൾ അധികൃതർക്ക് ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനും ഓരോ തവണയും വിവരശേഖരണത്തിന് സ്കൂളുകളിലുണ്ടാകുന്ന പ്രയാസങ്ങൾ ലഘൂകരിക്കുന്നതിനും സ്കൂളുകളുടെ സമ്പൂർണ വിവരശേഖരണമാണ് ഇപ്പോൾ നടത്തുന്നത്. ആയതിനാൽ ഇതുവരെ സമ്പൂർണയിൽ വിവരങ്ങൾ ചേർക്കാത്ത സ്കൂളുകളുണ്ടെങ്കിൽ എത്രയും പെട്ടെന്ന് അത് ഉൾപ്പെടുത്തുന്നതിനും സ്കൂളുകൾ സമ്പൂർണ്ണയിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിവരം കൃത്യമാണെന്ന് ഉറപ്പുവരുത്തേണ്ടതും അതത് സ്കൂൾ

ഹെഡ്മ്സ്റ്റർമാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ആയതിലേയ്ക്ക് താഴെപറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. എട്ട്, ഒൻപത് ക്ലാസുകളിലെ എല്ലാ വിദ്യാർത്ഥികളുടേയും മുഴുവൻ വിവരങ്ങളും ക്ലാസ്ടീച്ചർമാർ പരിശോധിച്ച് തിരുത്തലുകൾ ആവശ്യമെങ്കിൽ അവ വരുത്തി ഹെഡ്മാസ്റ്റർമാരുടെ അംഗീകാരത്തോടെ 2014 ജനുവരി 10-നകം സമ്പൂർണയിൽ ഉൾപ്പെടുത്തേണ്ടതാണ്. കുട്ടികളുടെ പ്രമോഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് എന്നിവ സമ്പൂർണ്ണയിലൂടെ മാത്രമായിരിക്കണം സ്കൂൾ അധികൃതർ 2014 ഫെബ്രുവരി മുതൽ നടപ്പിൽ വരുത്തേണ്ടത്.

2. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളുടെ വിവരം അതാത് ക്ലാസ്ടീച്ചർമാരുടേയും പ്രധാന അധ്യാപകരുടേയും ഉത്തരവാദിത്വത്തിൽ താഴെപറയുന്ന തീയതിക്കുള്ളിൽ കൃത്യമായി ഉൾപ്പെടുത്തേണ്ടതാണ്:

| സ്ഥലം | തീയതി |
|---|---|
| തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, പത്തനംതിട്ട, പാലക്കാട് | 2014 ജനുവരി 11 മുതൽ 17 വരെ |
| ഇടുക്കി, എറണാകുളം, തൃശ്ശൂർ, കോട്ടയം | ജനുവരി 18 മുതൽ 23 വരെ |
| മലപ്പുറം, വയനാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് | ജനുവരി 24 മുതൽ 30 വരെ |

'സമ്പൂർണ'യിൽ വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച് സംശയങ്ങളുണ്ടെങ്കിൽ ഐ.ടി@സ്കൂൾ പ്രോജക്ടിന്റെ അതത് ജില്ലാ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. സ്കൂൾ ഹെഡ്മാസ്റ്ററുടെ അവലോകന യോഗത്തിൽ പ്രത്യേക അജണ്ടയായി ചേർത്ത് സമ്പൂർണയുടെ പ്രവർത്തനം വിലയിരുത്തേണ്ടതാണ്. സമയബന്ധിതമായി സമ്പൂർണ്ണയുടെ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് അതത് വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2014 ജനുവരി 30-ന ശേഷം 'സമ്പൂർണ'യിൽ നൽകിയിരിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾക്ക് എന്തെങ്കിലും തെറ്റുകൾ ഉണ്ടെങ്കിൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം അതാതു സ്കൂളുകളിലെ പ്രധാനാധ്യാപകർക്കായിരിക്കും.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
എല്ലാ ജില്ലാകോർഡിനേറ്റർമാർക്കും
എല്ലാ ഡി.ഇ.ഒ, എ.ഇ.ഒമാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ /എ.ഇ.ഒ/ജില്ലാ കോർഡിനേറ്റർ മുഖേന)